# ഇടശ്ശേരിക്കവിതയിലെ നവീകരണ മൂല്യം

ഡോ. ഇ. ദിവാകരൻ

## 1. ജീവിതത്തിൽ ആശയ നവീകരണത്തിന്റെ അനിവാര്യത

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം,
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം!'

ആശയങ്ങൾ നിരന്തരം നവീകരിക്കപ്പെടേണ്ടതുണ്ട് എന്ന വസ്തുതയാണ് മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ തന്റെ "പൊട്ടിപുറത്ത്, ശീവോതി അകത്ത്" എന്ന കവിതയിലൂടെ വെളിവാക്കുന്നത്. ഒരു കാലഘട്ടത്തിൽ വളരെ പ്രസക്തമായി തോന്നിയിരുന്ന ഒരാശയം മറ്റൊരു കാലഘട്ടത്തിൽ തീർത്തും അപ്രസക്തമായിത്തീർന്നേക്കാം. ഏതൊരാശയത്തിന്റേയും പ്രസക്തി അത് മനുഷ്യന് എത്രത്തോളം പ്രയോജനകരമാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യന്റെ ഭൗതികമായ പുരോഗതി മാത്രമല്ല, മാനസികവും ആത്മീയവുമായ ഉൽക്കർഷത്തിനും സഹായിക്കുന്ന ആശയങ്ങളാണ് നമ്മെ മുന്നോട്ട് നയിക്കുന്നത്. ശാശ്വതമൂല്യങ്ങളെ മുറുകെ പിടിക്കുമ്പോഴും ആശയങ്ങളെ മുറുകെ പിടിക്കേണ്ടതില്ല എന്നു തന്നെയാണ് ഇതിൽ നിന്ന് സിദ്ധിക്കുന്നത്.

ജീർണ്ണിച്ച് അഴുകിയ പഴയതിനെ, അതായത് ചേട്ടയെ പുറത്തുതള്ളി, നൂതനവും നന്മ നിറഞ്ഞതുമായ ഐശ്വര്യത്തെ സ്വീകരിക്കുക, അതായത് ശ്രീ ഭഗവതിയെ വരിക്കുക എന്നത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗം തന്നെയാണ്. കേരളത്തിൽ പലയിടങ്ങളിലും 'പൊട്ടിയാട്ടൽ' എന്നും 'ചേട്ടയെ കളയുക' എന്നും, 'കലിയനെ കളയുക' എന്നും വിവിധ പേരുകളിൽ അറിയപ്പെടുന്ന ആചാരം ഈ സംസ്കാരത്തിന്റെ പ്രകാശനമായി കണക്കാക്കാം എന്നു തോന്നുന്നു. കർക്കിടക സംക്രമത്തിൽ വീടുകൾ തോറും നടത്തിയിരുന്ന ഈ ആചാരത്തിന്റെ സങ്കൽപ്പം ചേട്ടയെ ദൂരെയകറ്റി ശ്രീ ഭഗവതിയെ കുടിവെക്കുക എന്നതാണ്. കൗതുകകരമായ ഈ അനുഷ്ഠാനം ഇപ്രകാരമാണ്. ഒരു പഴംമുറത്തിൽ ചോറുരുളയും, കലപ്പൊട്ടും, കുറ്റിച്ചൂലുമെടുത്ത് കുടുംബത്തിലെ ഒരംഗം എല്ലാ മുറികളിലും കയറിയിറങ്ങുന്നു, "ചേട്ട പുറത്ത് ശീവോതി അകത്ത്' എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ട്. വീടുമുഴുവൻ നടന്ന് ഇങ്ങനെ ചേട്ടയെ പുറത്താക്കിയ ശേഷം മുറവും അതിനോപ്പമുള്ള വസ്തുക്കളും ഏതെങ്കിലും പുറംപോക്കിൽ കൊണ്ടു പോയി കളയുന്നു. പിന്നീട് ശ്രീ ഭഗവതിയെ കുടിയിരുത്തുന്നതിന്റെ പ്രതീകമായി നിലവിളക്ക് കൊളുത്തി ഉമ്മറത്ത് അല്ലെങ്കിൽ പൂജാസ്ഥലത്ത് വെക്കുന്നു. ഈ അനുഷ്ഠാനം എല്ലാ വർഷവും മുടങ്ങാതെ ആവർത്തിക്കുന്നു. ഈ ആവർത്തനത്തിന്റെ പൊരുളെന്തായിരിക്കാം? നാം ഒരിക്കൽ ശ്രീഭഗവതിയെ വരിച്ചതല്ലേ? പിന്നെയെന്തിന് അടുത്ത കൊല്ലവും ശ്രീഭഗവതിയെ വരിക്കണം? നന്മയുടെ പ്രതീകമായി നാം വരിച്ച ശ്രീഭഗവതിതന്നെയാണ് കാലാന്തരത്തിൽ ജീർണ്ണിച്ച് പൊട്ടിയായി മാറുന്നത്. അതുകൊണ്ട് എല്ലാ വർഷവും ഇതാവർത്തിക്കേണ്ടി വരുന്നു. അതായത് ശ്രീ ഭഗവതി എന്ന നിലയിൽ നാം വരിച്ച ആശയം, കാലക്രമത്തിൽ പൊടിപിടിച്ച് വെളിച്ചം തൂകാൻ പര്യാപ്തമല്ലാതാകുമ്പോൾ ചെയ്യേണ്ടത് ആ ആശയത്തിൽ മുറുകെപ്പിടിച്ചിരിക്കാതെ, കാലത്തിന് അനുയോജ്യമായ പുത്തൻ ആശയങ്ങളെ വരിക്കുക എന്നതാണ്.

മതപരമായ വിശ്വാസങ്ങൾ, രാഷ്ട്രീയമായ ധാരണകൾ എന്നിങ്ങനെ മനുഷ്യജീവിതത്തെ സ്പർശിക്കുന്ന ഏതൊരാശയത്തേയും നിശിതമായി വിലയിരുത്തുകയും അടിക്കടി നവീകരിക്കുകയും ചെയ്യേണ്ടതാണ് എന്നാണ് ഈ കവിത നമ്മോട് പറയുന്നത്.

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം,
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം!'

## 2. സൗന്ദര്യം എന്താണ് – നവമാനവികതയിൽ ഉറച്ച ഒരു ദർശനം

"മർത്ത്യൻ സുന്ദരനാണ്, കാരണമുയിർ-
ക്കൊള്ളും വികാരങ്ങൾ തൻ
നൃത്യത്തിന്നു മുതിർക്കുവാൻ സ്വയമണി-
ഞ്ഞിട്ടോരരങ്ങാണവൻ;
അത്യന്തം കമനീയമേ മഹിതമാ-
യാലും മറിച്ചാകിലും

തൽഭാവങ്ങ, ഉപൂർണ്ണമാണളവുകോ-
ലെന്നുള്ള കാലം വരെ."

നവമാനവികതക്കു വേണ്ട ദാർശനികമായ ഒരടിത്തറ പണിയുകയാണ് മഹാകവി ഇടശ്ശേരി തന്റെ "സൗന്ദര്യാരാധന" എന്ന കവിതയിലൂടെ ചെയ്യുന്നത്. ജീവത്തായ വികാരങ്ങളുടെ നൃത്തവേദിയായി മനുഷ്യനെ അദ്ദേഹം കാണുന്നു. ആ വികാരങ്ങളാകട്ടെ, പൂർണ്ണതയുള്ള മാനദണ്ഡങ്ങളുടെ അഭാവത്തിൽ മഹിതമെന്നോ, അല്ലെന്നോ പറയാനാകില്ല. മനുഷ്യബാഹ്യമായ കേവലമായ മാനദണ്ഡങ്ങളില്ല എന്നർത്ഥം. മനുഷ്യൻ തന്നേയാണ് എല്ലാറ്റിന്റേയും മാനദണ്ഡം.

മനുഷ്യഭാവങ്ങളെ ഒന്നടുത്തുനിന്ന് നിരീക്ഷിച്ചു നോക്കൂ. നമ്മുടെ മുൻവിധികളൊക്കെ മാറ്റിവെച്ച് ഓരോ മനുഷ്യന്റേയും ഭാവങ്ങളെ അതാതു മനുഷ്യരുടെ തനതായ സ്ഥാനത്തുനിന്ന് ഒന്ന് കണ്ടു നോക്കൂ-കുഞ്ഞിന് മുലപ്പാൽ കൊടുക്കുന്ന അമ്മയുടെ നിർവൃതി വഴിഞ്ഞുനിൽക്കുന്ന മിഴിയിലും, ആത്മേശനോട് സല്ലപിക്കുന്ന കാമിനിയുടെ കവിൾത്തടത്തിലും, നേർക്കുനേർ പൊരുതുന്ന ധീരനിലും, പാഞ്ഞ് ഒളിയിടം തേടുന്ന ഭീരുവിലും, നേരിട്ടുവരാതെ ഒളിച്ച് പക വീട്ടുന്നവനിലും, ഒരു പോലെ സൗന്ദര്യം ദർശിക്കാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ഇതെല്ലാം തന്നെ, ആത്യന്തികമായി മനുഷ്യ ഭാവങ്ങളാണ്. ഈ മൂലകങ്ങളൊക്കെ മനുഷ്യനിർമ്മിതിയിൽ ചേരുന്നുണ്ട്. അവയുടെ നന്മതിന്മകളെ അളക്കാനാകട്ടെ കേവലമായ മാനദണ്ഡങ്ങളൊന്നുമില്ല. മനുഷ്യൻ സ്നേഹിക്കപ്പെടേണ്ടവനും മഹത്വവൽക്കരിക്കപ്പെടേണ്ടവനുമാണ്. മാക്സിം ഗോർക്കി ആവേശത്തോടെ പറഞ്ഞ ഒരു വാചകമുണ്ടല്ലോ,"മനുഷ്യൻ, ഹാ, എത്ര മനോഹരമായ പദം!" അത് ഇത്തരുണത്തിൽ ഓർമ്മ വരുന്നു.

ഇത്തരമൊരു ദാർശനികമായ നിലപാടിന്റെ വിവക്ഷകൾ എന്തൊക്കെയാണ്? എല്ലാ കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിലും മനുഷ്യജന്മം മഹത്തരമാണ്. ഓരോ മനുഷ്യന്റെ വ്യക്തിത്വവും അതുല്യമാണ് അനന്യമാണ്. അതിന്റേതായ വൈശിഷ്ട്യവും അവനുണ്ട്. ജീവിതത്തെ അതിന്റെ സങ്കീർണ്ണതയിൽ മനസ്സിലാക്കി നേരിടുമ്പോൾ പൂർണ്ണം എന്ന് നാം ധരിച്ചു വെച്ച മാനദണ്ഡങ്ങൾ അപ്രസക്തമാണ് എന്നു കാണാം. ഇന്ന് നാം ചുറ്റും കാണുന്നത് മതം, ഭാഷ, സംസ്കാരം എന്നിവയുടെ പേരിൽ സ്വയം വളർത്തിയെടുത്ത ബോധ്യങ്ങളുടെ പേരിൽ മനുഷ്യർ അന്യോന്യം വെറുക്കുന്നതാണ്. മനുഷ്യഭാവങ്ങൾ മഹിതമാണ്, മനുഷ്യൻ സുന്ദരനാണ് എന്ന ദർശനം വെറുപ്പിന്റേയും അകറ്റിനിർത്തലിന്റേയും തത്വശാസ്ത്രങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കാൻ പര്യാപ്തമാണ്. മനുഷ്യനിലെ തിന്മയെ ചെറുക്കുക, മനുഷ്യനെ സ്നേഹിക്കുക എന്നതായിരിക്കട്ടെ ആധുനികയുഗത്തിന്റെ ധർമ്മം. നവമാനവികതയുടേതായ ഈ ദർശനം ഏറെ പ്രസക്തമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

മഹാകവിയുടെ മേലുദ്ധരിച്ച വരികൾ ജാതി, മത, വർഗ്ഗ ചിന്തകൾക്കതീതമായി മനുഷ്യനെ കാണാനും സ്നേഹിക്കാനും, പരസ്പരം ബഹുമാനിക്കാനുമുള്ള ദാർശനീകമായ ഉൾക്കാഴ്ച നമ്മിൽ വളർത്തട്ടെ.

## 3. ഉപദേശങ്ങളുടെ നിഷ്ഫലത

'ഉപദേശിച്ച് ഞങ്ങൾക്ക് മടുത്തു. ഇനി എന്നെങ്കിലും കാര്യങ്ങൾ സ്വയം മനസ്സിലാക്കി നേർവഴിക്ക് വന്നാൽ അവന് നല്ലത്'- എന്നിങ്ങനെ ഉപദേശങ്ങൾ ചെവിക്കൊള്ളാൻ വിമുഖത പ്രകടിപ്പിക്കുന്ന ഇളംതലമുറയെ മുതിർന്നവർ പഴിക്കുന്നത് പലപ്പോഴും കേൾക്കുന്നുണ്ട്. മുതിർന്നവർക്ക് പുതു തലമുറയെപ്പറ്റി എക്കാലത്തും സ്നേഹം കലർന്ന പരാതികൾ ഉണ്ടാവാറുണ്ട്. അപരനെ നേർവഴികാണിക്കുന്നതിന് ഉപദേശങ്ങൾ കൊണ്ട് പരിമിതമായ ഫലമേ ഉള്ളൂ എന്ന് വിജ്ഞരായ പലരും നിരീക്ഷിച്ചിട്ടുണ്ട്. മഹാകവി ഇടശ്ശേരിയുടെ "താങ്കളുടെ ഉപദേശം" എന്ന കവിത ഈ വാസ്തവത്തെ തെല്ല് നർമ്മം കലർത്തി പ്രതിഫലിപ്പിക്കുന്നുണ്ട്. കവി ചോദിക്കുന്നു:

കവി പാടാഞ്ഞോ കഥാ-
കാരൻ ഹാ, പറയാഞ്ഞോ
ഭുവനം ചരിയ്ക്കാത്തൂ
സദ്ധർമമുപദിഷ്ടം !
വിജ്ഞാനരാശേ,നിർത്തൂ
കാൽക്ഷണ,മാരുണ്ടങ്ങേ-
പ്രജ്ഞയിൽ,ലുപദേശം-
കൊണ്ടു നേർവഴി പുക്കോൻ'

ഉപദേശം ഫലിക്കാതിരിക്കാനുള്ള കാരണവും കവി കണ്ടെത്തുന്നു.

'മറിച്ചു വിലക്കും കാ-
ലാഞ്ഞുമുന്നോട്ടേ ചായ്വൂ
മനുജാത്മാവിന്നേതു
തെറ്റിലും ശരിയിലും'

ഇത്രയും ദർശിച്ചശേഷം, ഉപദേശിക്കുന്നതും ഉപദേശം കേൾക്കുന്നതും പാഴ്‌വേലയാണോ എന്ന് ചോദിക്കുന്നവരോട് കവി നർമ്മത്തിൽ പൊതിഞ്ഞ് ഒരു വാസ്തവം വെളിവാക്കുന്നു.

'എന്തിത്ര പാഴ്‌വേലയോ
ചൊല്ലലും ചൊല്കേൾക്കലു-
മെന്നോ, ഹാ, തികച്ചുമ-
ല്ലെന്നുതാൻ വാദിപ്പോൻ ഞാൻ;
ഉപദേശത്തെ ശ്രദ്ധാ-
പൂർവ്വമേ കൈക്കൊൾവൂ നാ,-
മപഥങ്ങളിൽ വീഴു-
മന്യർക്കായ്സ്സമ്മാനിപ്പാൻ.'

എല്ലാവരും ഉപദേശത്തെ ശ്രദ്ധാപൂർവ്വം കേൾക്കാറുണ്ട്; എന്നാൽ അത് അവരുടെ ജീവിതത്തിൽ നടപ്പാക്കാനല്ല മറിച്ച് വഴിപിഴക്കുന്ന മറ്റൊരുവന് വിളമ്പിക്കൊടുത്ത് സ്വയം വലിയവനാകാനാണെന്നു മാത്രം.

ഇപ്പറഞ്ഞ നർമ്മോക്തിയിൽ നിന്ന് നമ്മൾ ജീവിക്കുന്ന ആധുനികയുഗത്തിൽ വളരെ പ്രസക്തമായ വലിയൊരു സിദ്ധാന്തം നിർദ്ധരിക്കാൻ സാധിക്കും. ഉപദേശം നിഷ്പ്രയോജനമാകുവാനുള്ള മുഖ്യ മായ കാരണം, അത് ഉപദേശിക്കപ്പെടുന്നവന്റെ മനസ്സിലെ സങ്കീർണ്ണതകളെയും സാഹചര്യങ്ങളേയും പരിഗണിക്കുന്നില്ല എന്നതാണ്. ഉപദേശം എന്നത് ഉപദേശകന്റെ നന്മയെക്കുറിച്ചുള്ള വിഭാവന ത്തിൽനിന്നും അംഗീകരിക്കപ്പെട്ട സദാചാരനിയമങ്ങളിലും നിന്നും ഉരുത്തിരിയുന്നവയാണല്ലോ. ഉപ ദേശം നൽകുന്ന ആൾ ഉപദേശം നൽകുന്ന ആ സമയത്തേക്കെങ്കിലും സ്വയം വിജ്ഞനായി കരുതുന്നു. കാരണം, തലമുറകളായി സഞ്ചിതമായ വിജ്ഞാനത്തിലാണ് ഉപദേശങ്ങൾക്ക് സാധുത ലഭിക്കുന്നത്. അങ്ങനെ രക്ഷിതാക്കൾ സ്വന്തം കുട്ടികളെ ഉപദേശിക്കുന്നു. അദ്ധ്യാപകർ വിദ്യാർത്ഥികളെ ഉപദേശി ക്കുന്നു. മേലുദ്യഗസ്ഥൻ കീഴുദ്യോഗസ്ഥരെ ഉപദേശിക്കുന്നു. ഇത്തരം ഉപദേശങ്ങളെല്ലാം, ഉയർന്ന തല ത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ഉപദേശകനിൽ നിന്ന് താഴെ സ്ഥിതി ചെയ്യുന്ന ഉപദേശിക്കപ്പെടുന്നവനിലേക്ക് മിക്കവാറും ഒരു വെള്ളച്ചാട്ടം പോലെ പതിക്കുന്നവയത്രേ. ഒരു ദിശയിൽ മാത്രമാണ് ഉപദേശങ്ങൾ പ്രവ ഹിക്കുന്നത്. ഇവ ഫലവത്താകാൻ ഇത്രയും പോരാ, ഉപദേശിക്കപ്പെടുന്നവന്റെ പ്രയാസങ്ങൾക്ക് ശ്രദ്ധ കൊടുക്കുന്ന ഉപദേശകന്റെ മനസ്സും ആവശ്യമാണ്. ഉപദേശിക്കപ്പെടുന്നവന്റെ കുറ്റങ്ങളിൽ മാത്രം ഉ ന്നൽകൊടുക്കാതെ, ആ കുറ്റങ്ങൾക്ക് കാരണമാകുന്ന ചുറ്റുപാടുകൾ, ഉറ്റവർ, അവരുമായുള്ള ബന്ധം എന്നിങ്ങനെ അനേകം ഘടകങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. അത്തരം ഇടപെടലുകൾക്കാണ്, മനശ്ശാസ്ത്രത്തിൽ കൗൺസലിങ്ങ് എന്ന് പറയുന്നത്.

കൗൺസലിങ്ങ് പ്രക്രിയ മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായതും, അപരന്റെ വ്യക്തിത്വത്തെ അംഗീകരിച്ച് അയാൾക്ക് പറയാനുള്ളത് ശ്രദ്ധാപൂർവ്വം കേൾക്കുന്നതിലൂടെയുള്ള തികച്ചും അഹിംസാ ത്മകവുമായ ഇടപെടലാണ്. കുറ്റങ്ങൾക്കും കുറവുകൾക്കും കാരണമായ സാഹചര്യങ്ങൾക്ക് നേരെ ഉദാസീനത വെച്ചു പുലർത്തുന്ന ഉപദേശം എന്ന ഇടപെടൽ നിഷ്ഫലമാകാനുള്ള കാരണം വളരെ വ്യക്തമാണല്ലോ.

രക്ഷിതാക്കളും അദ്ധ്യാപകരും, കൗൺസലിംഗ് എന്ന ഇടപെടലിനെ ഉപദേശം എന്ന ഇടപെടലിൽ നിന്ന് വേർ തിരിച്ച് കാണേണ്ടതുണ്ട്. ടെക്നോളജിയാൽ നയിക്കപ്പെട്ട്, കുടുംബങ്ങളിലും സമൂഹത്തിലും നന്മകൾ അപ്രത്യക്ഷമാകുന്ന ഇക്കാലത്ത് നാം വളർന്നു വരുന്ന തലമുറയെ മനസ്സിലാക്കാനും അവരു മായി സംഘർഷങ്ങൾ കുറക്കുവാനും ശ്രമിക്കണം. അതിന് രക്ഷിതാക്കൾ സ്വന്തം കുട്ടികളുമായി തുടർച്ച യായി ആശയവിനിമയം നടത്തുകയും മുൻവിധികളില്ലാതെ സ്നേഹപൂർവ്വം അവരെ തങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുകയുമാണ് ചെയ്യേണ്ടത്. നിങ്ങൾ ആ കുഞ്ഞുങ്ങളെ കൈവിടില്ല എന്ന വിശ്വാസം അവരിൽ ദൃഢമൂലമാക്കിയാൽ മാത്രമേ, അവർ നിങ്ങളുമായി ആശയങ്ങളും അനുഭവങ്ങളും പങ്കുവെ ക്കുകയുള്ളു. മനസ്സിലെ ഭാരം കുറച്ച് യുവത്വം മാനവികമായ വികാസത്തിനുള്ള വേളയാക്കിമാറ്റാൻ കുട്ടികൾക്ക് ഏറ്റവും ആവശ്യം നല്ലൊരു ശ്രോതാവിനേയാണ്. അങ്ങനെ നിങ്ങളുടെ കുട്ടിക്ക് നല്ലൊരു ശ്രോതാവാകാൻ ഓരോ രക്ഷിതാവും ശ്രമിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരി ക്കുന്നു എന്നും സൂചിപ്പിക്കട്ടെ.

ഇന്ന് നമ്മുടെ കുട്ടികൾ വളരെ ആപത്കരമായ സാഹചര്യങ്ങളിലൂടെയാണ് ഓരോ ദിവസവും തള്ളിനീക്കുന്നത്. മുമ്പൊന്നും കേൾക്കാത്ത തരത്തിലുള്ള തിന്മകളും ആപത്തുകളും അവരെ ചൂഴ്ന്ന് വിദ്യാലയങ്ങളിലും, പൊതുസ്ഥലങ്ങളിലും, ഇന്റർനെറ്റിലും മറ്റ് ആധുനികോപകരണങ്ങളിലും ഉണ്ടെന്ന യാഥാർഥ്യം നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. സാങ്കേതികവിദ്യ ഇന്ന് ഓരോ വ്യക്തിയേയും ഒരോ ദ്വീപിൽ തളച്ചിടുന്നുണ്ട്. ചില മാതാപിതാക്കൾക്ക് സ്വന്തം മക്കളുടെ കാര്യത്തിൽ ശ്രദ്ധിക്കാൻ സാധി ക്കാതെ പോകുന്ന സാഹചര്യങ്ങളും ഉണ്ട്. ഇതിന്റെയെല്ലാം പരിണിതഫലമാണ്, കുട്ടികൾ ഇന്ന് അനുഭ വിക്കുന്ന ഒറ്റപ്പെടലും, പീഡനങ്ങളും. പഠിപ്പിനെക്കുറിച്ചുള്ള അമിതമായ ഉത്ക്കണ്ഠ, ലൈംഗികമായ കടന്നുകയറ്റങ്ങൾ സൃഷ്ടിക്കുന്ന ഭയം ജുഗുപ്സ എന്നീ വികാരങ്ങൾ, മയക്കുമരുന്നുകളുടെ ഉപയോ ഗം, അല്ലെങ്കിൽ അതിനോടുള്ള ആകർഷണം എന്നിങ്ങനെ ഏതെങ്കിലും കാരണങ്ങളാൽ നാശത്തിന്റെ വക്കിലെത്തി നിൽക്കുന്നവരും മാനസികമായി പീഡനം അനുഭവിക്കുന്നവരുമായ കുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉത്തരവാദിത്വമുള്ള രക്ഷിതാക്കൾ അല്ലെങ്കിൽ അദ്ധ്യാപകർ എന്നീ നില

കളിൽ ഈ കുട്ടികളെ ഉപദേശിച്ചാൽ മാത്രം മതിയാകില്ല, ഹൃദയം തുറന്ന് അവർക്ക് പറയാനുള്ള കാര്യങ്ങൾ വിശ്വാസപൂർവ്വം പറയാൻ പറ്റുന്ന ഒരു ശ്രോതാവിനേയാണ് അവർക്ക് വേണ്ടത്.

കൗൺസലിങ്ങ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടതായ പലകാര്യങ്ങളും ഉണ്ട്. മുൻവിധികളില്ലാതെ പൂർണ്ണ ശ്രദ്ധയോടെ അപരനെ കേൾക്കാനുള്ള കഴിവ് മാത്രമല്ല, അതീവഗൂഢമായി കുട്ടികൾ മനസ്സിൽ തീക്കട്ടപോലെ സൂക്ഷിച്ച കാര്യങ്ങൾ പങ്ക് വെക്കാൻ മാത്രം വിശ്വാസം നേടിയെടുക്കുന്ന ഒരു വ്യക്തിത്വവുമായിരിക്കണം കൗൺസൽ ചെയ്യുന്ന ആളിന്റേത്. അനുഭവസമ്പത്തുള്ള, മനസ്സിൽ കാരുണ്യം നിലനിർത്തുന്ന, സാധിക്കുമെങ്കിൽ പരിശീലനം ലഭിച്ച ഒരു കൗൺസിലറുടെ സേവനം ഇന്നത്തെ യുവതലമുറക്ക് അത്യന്താപേക്ഷിതമായിരിക്കയാണ്.

1942 ലാണ് "താങ്കളുടെ ഉപദേശം" എന്ന കവിത ഇടശ്ശേരി രചിച്ചത്. അന്ന് കൗൺസലിങ്ങ് എന്ന മനശ്ശാസ്ത്ര സമീപനം തുടങ്ങിയിരുന്നില്ല. മഹാകവിയുടെ മനശ്ശാസ്ത്രപരമായ ഉൾക്കാഴ്ച മാത്ര മല്ല ദീർഘവീക്ഷണം കൂടി വെളിപ്പെടുത്തുന്നതാണ് പ്രസ്തുത കവിത എന്നു നിരീക്ഷിക്കാം.